ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**No.Acd/Spc(1)/35009/HSE/2016**

തീയതി :21.11.2016

# സർക്കുലർ

**വിഷയം:-** ഹ.സെ.വി.- ബി.പി.എൽ സ്കോളർഷിപ്പ് 2016-17-11-ാം ക്ലാസ് ഗുണഭോക്താക്കളുടെ ഡാറ്റ എൻട്രി- സംബന്ധിച്ച്.

**സൂചന :**
1. 24/10/16 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
2. 16/11/16 തീയതിയിലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ
3. 17/11/16 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് 2016-17 ലെ 11-ാം ക്ലാസുകാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ (Fresh) ഡാറ്റാഎൻട്രി നടത്തുന്നതിനായി www.hscap.kerala.gov.in ൽ സ്കൂൾ ലോഗിൻ ൽ ഓൺലൈൻ ലിങ്ക് ലഭ്യമാക്കിയിട്ടുണ്ട്. 11-ാം ക്ലാസിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ (സൂചന 2 ൽ ഓരോ സ്കൂളിനും അനുവദിച്ചതിന്റെ നേർ പകുതി) വിശദാംശങ്ങൾ ആയതിലൂടെ 24/11/2016 ന് വൈകിട്ട് 5 മണിവരെ അപ്‌ലോഡ് ചെയ്യാവുന്നതാണ്. യഥാസമയം ഡാറ്റ കൃത്യതയോടെ അപ്‌ലോഡ് ചെയ്തില്ലെങ്കിൽ ഗുണഭോക്താക്കൾക്ക് ആയത് നഷ്ടമാകാനിടയുള്ളതിനാൽ മേൽക്കാര്യത്തിൽ **പ്രിൻസിപ്പൽമാർ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.** 12-ാം ക്ലാസ്സ് ഗുണഭോക്താക്കളുടെ ഡാറ്റാ എൻട്രി ലിങ്ക് ഇംപ്രൂവ്മെന്റ് റിസൾട്ടിനു ശേഷം ഇതേ പോർട്ടലിൽ ലഭ്യമാക്കുന്നതായിരിക്കും.

**ശ്രദ്ധിക്കുക**

1. സൂചനയിലെ സർക്കുലറുകളും, നോട്ടിഫിക്കേഷനും **നിർബന്ധമായും ഡി.എച്ച്.എസ്.സി പോർട്ടലിൽ നൽകിയിട്ടുള്ളത് വായിച്ചു മനസിലാക്കി ആയതിലെ നിർദ്ദേശങ്ങൾ പാലിയ്ക്കേണ്ടതാണ്.**
2. തെരഞ്ഞെടുക്കപ്പെടുന്നവരുടെ വിശദാംശങ്ങൾ മാത്രമേ ഇതിലൂടെ നൽകാവൂ
3. **ആധാർ** ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ തന്നെ ലഭ്യമാക്കണം.
4. 11-ാം ക്ലാസ്സിന്റെ ഡാറ്റാ എൻട്രി **24.11.16 വ്യാഴാഴ്ച വൈകുന്നേരം 5** മണിയോടെ അവസാനിക്കും.

**ഒപ്പ്/-**
**ജോയിന്റ് ഡയറക്ടർ**
**(അക്കാദമിക്)**